# SUMMATIVE ASSESSMENT-I
# SEPTEMBER-2013

## MALAYALAM

**Class-IX** **Max. Marks:90**
**Time: 3 Hrs.**

### (എ-വിഭാഗം)

**I.** താഴെപ്പറയുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

മനുഷ്യജീവിതം സഫലമാകുന്നതിന് സാംസ്കാരികാഭിവൃദ്ധിക്കുതകുന്ന പല ധാർമ്മിക മൂല്യങ്ങളും പരിപോഷിപ്പിക്കേണ്ടതായിട്ടുണ്ട്. അതുപോലെ തന്നെ ജീവിതം ആഹ്ലാദകരവും അർത്ഥപൂർണവും ആക്കണം. കലയുടെ പ്രയോജനം ഇവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോ വസ്തുവിനും അതിന്റേതായ ബാഹ്യരൂപവും ആന്തര ചൈതന്യവുമുണ്ട്. സാധാരണ ദൃഷ്ടിയിൽ ബാഹ്യരൂപം മാത്രമേ ഗോചരമാകുന്നുള്ളു. ആന്തരചൈതന്യം കണ്ടെത്തുവാൻ കലാകാരനു മാത്രമേ സാധിക്കുകയുള്ളൂ. അങ്ങനെ കണ്ടെത്തുന്ന സത്യത്തെയാണ് കലാരൂപത്തിൽ അവതരിപ്പിക്കുന്നത്. വെറും ബാഹ്യരൂപം അതായത് വസ്തുവിന്റെ ബാഹ്യസ്ഥിതി വർണനമാത്രം നിർജീവങ്ങളായ അനുകരണങ്ങളായി അവശേഷിക്കുന്നു. എല്ലാ കലകളും മഹത്വത്തെയാണ് ഉദ്ഘോഷിക്കുന്നത്. മഹത്വം കണ്ടെത്തുക അവയുടെ കർത്തവ്യവുമാണ്. സത്യവും സൗന്ദര്യവും ദർശിച്ച് ആസ്വാദനം കണ്ടെത്തുന്നതിനുള്ള പരിശീലനമാണ് കലകളിൽക്കൂടി നേടേണ്ടത്. ഈ ശിക്ഷണം കല പ്രയോജനകരമാക്കുന്നു. ബാഹ്യേന്ദ്രിയങ്ങൾക്ക് ആനന്ദം നൽകുന്ന സൃഷ്ടികളേക്കാൾ ആന്തരേന്ദ്രിയങ്ങളെ അത് ആനന്ദോദ്ബുദ്ധമാക്കുന്നു. മനുഷ്യനും മനുഷ്യനും തമ്മിൽ സമ്പർക്കം പുലർത്തുന്നതിനുള്ള മുഖ്യമാർഗമാണ് കല. ജന്മവാസന, സുന്ദരവസ്തുക്കളിലുള്ള ആഹ്ലാദം, രാഗതാളങ്ങൾ ആസ്വദിക്കുന്നതിനുള്ള മനുഷ്യമനസ്സിന്റെ പ്രവണത എന്നിവയെല്ലാം കലാനിർമ്മിതിക്കു കാരണമാകുന്നു.

ചോദ്യങ്ങൾ

1. കലയുടെ കർത്തവ്യമെന്ത്? (2)
2. കലകളിൽക്കൂടി നാം നേടേണ്ടതെന്ത്? (2)
3. കലാ നിർമ്മിതിക്കു കാരണമായ ഘടകങ്ങൾ എന്തെല്ലാം? (2)
4. സാധാരണക്കാരനിൽ നിന്നു കലാകാരനുള്ള സവിശേഷത എന്ത്? (2)
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. (2)

## II. (ബി-വിഭാഗം)

1. നഗരത്തിൽ വർധിച്ചു വരുന്ന വാഹനാപകടങ്ങളും ഗതാഗതക്കുരുക്കും ഇല്ലാതാക്കണമെന്ന് ആവശ്യപ്പെട്ട് ഗതാഗതവകുപ്പ് മന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക. (8)

2. അഞ്ചോ ആറോ വാക്യത്തിൽ ആശയം വിശദമാക്കുക. (3)

"ത്യാഗമെന്നതേ നേട്ടം താഴ്മതാനഭ്യുന്നതി"

അല്ലെങ്കിൽ

"ചൊട്ടയിലെ ശീലം ചുടലവരെ"

3. ഏതെങ്കിലും രണ്ടു ശൈലികൾ വാക്യത്തിൽ പ്രയോഗിക്കുക. (2)

1) വളം വച്ചു കൊടുക്കുക

2) അതിരു കടക്കുക

3) നീരാളിക്കൈ

4) നെല്ലിപ്പടി കാണുക

4. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചു ഒരു ഖണ്ഡിക എഴുതുക. (7)

1. പരിസരമലിനീകരണം

2. വിദ്യഭ്യാസത്തിൽ മാതൃഭാഷയ്ക്കുള്ള പ്രാധാന്യം

3. മനുഷ്യ പുരോഗതിയിൽ ശാസ്ത്രം വഹിക്കുന്ന പങ്ക്.

## III. (സി-വിഭാഗം)

1. പ്രയോഗം മാറ്റുക

a) അവർ പുതിയ തരം വീട്ടുപകരണങ്ങൾ വാങ്ങി (1)

b) കാരണവർ വിസ്തരിച്ച് പായസം കഴിക്കുന്നു. (1)

2. മഹാവാക്യമാക്കുക.

a) മക്കൾ മടങ്ങിപ്പോയി. വീട്ടിൽ അമ്മ തനിച്ചായി. (1)

3. തെറ്റുണ്ടെങ്കിൽ തിരുത്തുക

a) രാമവാര്യരുടെ നിർബന്ധം കൊണ്ടാണ് അദ്ദേഹമിന്നു യോഗത്തിനു ചെന്നതിനു കാരണം. (1)

b) ജീവിതനൈരാശ്യം മൂലം സ്വയം ആത്മഹത്യ ചെയ്യുന്ന ധാരാളം ആളുകൾ ഉണ്ട്. (1)

4. പിരിച്ചെഴുതി സന്ധിനിർണ്ണയിക്കുക.

a) യൗവനത്തെ b) ഒരോർമ (2)

5. ശരിയായ വിപരീതപദം എഴുതുക. (1)

a) അനാഥം (ദുർനാഥം, വിനാഥം, സനാഥം, നാഥനില്ലാത്ത)

6. ശരിയായ പര്യായപദങ്ങളെഴുതുക (1)

a) കിരീടം (മുടി, തല, മകുടം, നരൻ)

7. ശരിയായ നാനാർഥപദങ്ങളെഴുതുക (1)

a) അടി (പ്രഹരം, വീഴ്ച, തളർച്ച, കാലടി)

8. ശരിയായ അർത്ഥവ്യത്യാസം എടുത്തെഴുതുക (1)

a) പ്രേക്ഷകൻ - പ്രേഷകൻ (കാഴ്ച്ചക്കാരൻ, സ്വീകർത്താവ്, അയക്കപ്പെട്ടവൻ, വ്യക്തിപരം)

9. ശരിയായ എതിർലിംഗം എഴുതുക (1)

a) വാര്യർ (വയസ്സി, വാരസ്യാർ, വാര്യസ്സി, വാര്യത്തി)

IV. (ഡി-വിഭാഗം)

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (6)

II. 1. "വഴിതെറ്റുന്നു വയസ്സാവുമ്പോൾ, അങ്ങേ വീട്ടിൽക്കയറേണ്ടതാണ്"- ഈ വാക്കുകൾ ആരുടേതാണ്?.

(രാമൻകുട്ടി നായർ, വൃദ്ധപിതാവ്, ജാമാതാവ്)

2. 'തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ' എന്നത് ആരെഴുതിയതാണ്?

(ചെറുശ്ശേരി, ഇടശ്ശേരി, ഒ.എൻ.വി, കുമാരനാശാൻ)

3. 'ഒരു ചെറുപുഞ്ചിരി' എന്ന പാഠഭാഗം ഏതു വിഭാഗത്തിൽ പെടുന്ന കൃതിയാണ്?

(നോവൽ, തിരക്കഥ, ചെറുകഥ, വിമർശനം)

4. 'വഞ്ചിമുങ്ങിയില്ല വാര്യരേ' ഇതു പറഞ്ഞത് ആരാണ്?

(അച്യുതൻമാഷ്, രാമൻ നായർ, ചെറുവാരെ ശങ്കരൻകുട്ടി, പി.കെ. അന്തോണി)

5. കണ്ണീരിനും ചിരിക്കുമിടയിലൂടെ സഞ്ചരിച്ച് മനുഷ്യരുടെ ഹൃദയത്തിലേക്ക് പാലം പണിത ചലചിത്രക്കാരൻ ആരാണ്?

(മിസ്റ്റർ ബീൻ, ചാർലി ചാപ്ലിൻ, വി.കെ. ജോസഫ്, അശോകൻ ചെരുവിൽ)

6. 'സഹപാഠികൾ' എന്ന കവിത ഏതു കൃതിയിൽ നിന്നെടുത്തതാണ്?

(മുത്തശ്ശി, നിവേദ്യം, സോപാനം, അമ്മ)

**II.** ഉത്തരമെഴുതുക.

1. തോട്ടത്തിലേക്കിറങ്ങിയപ്പോൾ ദു:ഖമായ മാറി അമ്മാളുവിന്റെ മുഖം ശാന്തമാവാൻ കാരണമെന്ത്? **(4)**
2. ചാർലി ചാപ്ലിൻ എന്ന ചലചിത്രക്കാരന്റെ പ്രത്യേകത എന്ത്? **(4)**
3. യൗവനത്തെപ്പറ്റി അച്യുതൻ മാഷ് പറഞ്ഞ അഭിപ്രായമെന്ത്? **(4)**
4. ഭാഷയുടെ ഉപയോഗത്തെക്കുറിച്ച് ചാപ്ലിന്റെ ഉൽക്കണ്ഠയെന്ത്? **(4)**

**III.**

1. കൂട്ടുകാരൻ എത്താൻ താമസിച്ചതുകൊണ്ട് എന്തൊക്കെ സംഭവിച്ചു എന്നാണ് കുട്ടി പറയുന്നത്? **(4)**
2. "അങ്ങേ വീട്ടിലേക്ക് എന്ന കവിതയിലൂടെ കവി വ്യക്തമാക്കുന്നതെന്ത്? **(4)**
3. വൃദ്ധ പിതാവിനെ കണ്ട മകളുടെ അവസ്ഥ എന്തായിരുന്നു. **(4)**
4. കൂട്ടുകാരന്റെ വീട്ടിൽ ചെന്നപ്പോൾ കുടുംബാംഗങ്ങളുടെ പ്രതികരണം എങ്ങനെയായിരുന്നു? **(4)**

**IV.** ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(10)**

1. രായിപ്പൂരിലേക്കുള്ള യാത്രയിൽ നരേന്ദ്രന് ഉണ്ടായ അനുഭവം വിവരിക്കുക?
2. നരേന്ദ്രന്റെ ബാല്യകാലം വിവരിക്കുക?
3. ശ്രീരാമകൃഷ്ണ പരമഹംസരും നരേന്ദ്രനും തമ്മിലുള്ള ഗുരുശിഷ്യ ബന്ധത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക?.

***************